**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 898 — 30.11.2018 ന് മറുപടിയ്ക്ക്.

**മാങ്കുളം ഭാഗത്തെ ആനശല്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ദേവികുളം നിയോജകമണ്ഡലത്തിലെ മാങ്കുളം ഭാഗത്തെ ആനശല്യം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാങ്കുളം ഡിവിഷന്റെ കീഴിൽ വരുന്ന ആനക്കുളം ഭാഗത്ത് ഈറ്റച്ചോലയാറിൽ നിന്നും വെള്ളം കുടിക്കാൻ വരുന്ന ആനകൾ കൃഷിഭൂമിയിലേക്ക് പ്രവേശിച്ച് നാശനഷ്ടങ്ങൾ വരുത്തിയിരുന്നു. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി 1.2 കി. മീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കോഴിയിളകുടി, പെരുമ്പൻകുത്ത് ഭാഗങ്ങളിൽ വന്യമൃഗങ്ങൾ കൃഷിഭൂമിയിൽ അതിക്രമിച്ചു കയറുന്നത് തടയുന്നതിനുവേണ്ടി 1.308 കി. മീറ്റർ നീളത്തിൽ ട്രഞ്ചുകൾ നിർമ്മിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രദേശത്തെ ആനശല്യം ഒഴിവാക്കുന്നതിന് സജീവമായി ഇടപെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) മാങ്കുളം ഭാഗത്തെ ആനശല്യം ഒഴിവാക്കുന്നതിന് വനം വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | (സി) നിലവിൽ ആനക്കുളത്ത് നിർമ്മിച്ചിട്ടുള്ള ക്രാഷ് ഗാർഡ് ഫെൻസിംഗിന്റെ തുടർച്ചയായി 1 കി. മീറ്റർ കൂടി ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിങ് സ്ഥാപിക്കുന്നതിനും , നിലവിൽ പ്രവർത്തനക്ഷമമല്ലാതെ കിടന്ന കോഴിയിളകുടി, പാണ്ഡ്യൻകുടി, വേലിയാംപാറ, സിങ്കുകുടി എന്നീ ഭാഗങ്ങളിലെ സോളാർ ഫെൻസിംഗ് നന്നാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മാങ്കുളം ഡിവിഷന്റെ കീഴിലുള്ള വിവിധ സ്ഥലങ്ങളിൽ 23.7 കി.മീറ്റർ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ